ഗവൺമെൻറിന്റെ ഉത്തരവ് കാൻസൽ ചെയ്തിട്ടും കമ്പനികൾ അയച്ച പൈപ്പുകൾ

*496 [528] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, എം. കെ. കേശവൻ:
,, കെ. ടി. കണാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ഓർഡർ കാൻസൽ ചെയ്തത് വകവെക്കാതെ കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഉപയോഗത്തിനുള്ള പൈപ്പുകൾ ബന്ധപ്പെട്ട കമ്പനികൾ അയയ്ക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു വിലവരുന്ന പൈപ്പുകളാണ്. അങ്ങിനെ അയച്ചതെന്നും ആ പൈപ്പുകൾ പിന്നീട് ഗവൺമെൻറ് ഏറ്റെടുക്കുകയുണ്ടായോ എന്നും വ്യക്തമാക്കാമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷനിലേയ്ക്ക് നൽകിയ ഓർഡറുകൾ കാൻസൽ ചെയ്തതിനുശേഷവും ഈ കാൻസലേഷൻ വകവെക്കാതെ, കോട്ടയം എറണാകുളം എന്നീ റെയിൽവെ സ്റ്റേഷനുകളിലേക്ക് പൈപ്പുകൾ അയക്കുകയുണ്ടായി. എറണാകുളം, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ ഇപ്രകാരം സംഭവിച്ചിട്ടില്ല.

(ബി) ഏകദേശം 69 ലക്ഷം രൂപ വിലവരുന്ന പൈപ്പുകളാണ് ഇപ്രകാരം അയച്ചിട്ടുള്ളത്. പ്രസ്തുത പൈപ്പുകൾ അതോറിറ്റി ഏറ്റെടുത്തിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: പൈപ്പുകൾ ഏറ്റെടുത്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ പൈപ്പുകളുടെ സ്ഥിതി യെന്താണ്, ഇതിന് ഡമറേജ് കൊടുക്കാൻ ഗവൺമെൻറ് ബാദ്ധ്യസ്ഥമാകുമോ? അത് ഇപ്പോഴും അവിടെ കെട്ടിക്കിടക്കുകയാണോ?

ശ്രീ. കെ. എം. മാണി: ഇതിൽ ഗവൺമെൻറിന് ബാദ്ധ്യതയില്ല. ഗവൺമെൻറ് എടുത്തിട്ടില്ല. അതോറിറ്റി എടുത്തിട്ടില്ല. ഇതിന്റെ പീരിയഡ് കഴിഞ്ഞതാണ്. ഗവൺമെൻറിന് നിയമപരമായ ബാദ്ധ്യതയില്ലെന്നാണ് അതോറിറ്റിയുടെ അഭിപ്രായം.

ശ്രീ. കെ. പി. പ്രഭാകരൻ: മുമ്പത്തെ ഓർഡർപ്രകാരം എന്തു വിലവരുന്ന പൈപ്പുകൾ ഇനിയും ഉപയോഗിക്കപ്പെടാതെ സ്റ്റോക്കിലുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: എത്ര ഉപയോഗിച്ചു, എത്ര ഉണ്ട് എന്നുള്ളതിന് പ്രത്യേകം ചോദ്യം വേണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പൈപ്പുകൾ ഗവൺമെൻറ് ഏറ്റെടുത്തില്ലെന്ന് പറഞ്ഞു. പൈപ്പുകൾ അയച്ച കമ്പനിക്ക് റെയിൽവേയിൽ നിന്ന് അതിന്റെ രസീത് കാണിച്ചാൽ കേന്ദ്ര ഗവൺമെൻറിന്റെ സപ്ലൈസ് ആൻറ് ഡിസ്പോസൽ ഡയറക്ടർ ജനറൽ ഓഫീസിൽനിന്ന് അവർക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

തുകയുടെ 93-ശതമാനത്തിന്റെയും പേയ്മെന്റ് നടക്കുമെന്നുള്ള സാഹചര്യത്തിൽ ഈ തുക സംസ്ഥാന ഗവൺമെന്റിന്റെ ചെലവിലല്ലേ വരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ഗവൺമെന്റ് ക്യാൻസൽ ചെയ്താൽ, വാങ്ങിയിട്ടില്ലെങ്കിൽ, നിയമപരമായ അടിസ്ഥാനത്തിൽ പ്ലെയ്സ് ചെയ്ത ഓർഡർ ഗവൺമെന്റ് ക്യാൻസൽ ചെയ്താൽ ക്യാൻസലേഷനുശേഷം അയക്കുന്ന മെറ്റീരിയൽസിനെ സംബന്ധിച്ച് നമ്മുടെ വാങ്ങാതിരിക്കുന്നതിന് ഒരു കുഴപ്പവുമില്ല. നഷ്ടം കൊടുക്കേണ്ടിവരുമെന്ന് എനിക്ക് തോന്നുന്നില്ല. നിയമപരമായ അഭിപ്രായം അതാണ്.. ഒരു നഷ്ടവും ഗവൺമെന്റിന് ഉണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇങ്ങനെ കൊടുത്ത തുക നമ്മുടെ സംസ്ഥാനത്തിന്റെ ഓവർഡ്രാഫ്ടിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും നമ്മുടെ ഓവർഡ്രാഫ്ട് തുകയിൽ നല്ലൊരു പങ്ക് ഇത്തരത്തിലുള്ളതാണെന്നുള്ളതും ശരിയാണോ?

ശ്രീ. കെ. എം. മാണി: ഇത്തരത്തിലുള്ളതല്ല. ഇത് സ്പെസിഫിക്ക് കമ്മറ്റ്മെന്റ് അല്ല. ഡി.ജി.എസ്. ആൻറ് ഡി. പ്രകാരം റേറ്റ് കോൺട്രാക്ട് പ്രകാരം 40 കോടി രൂപയുടെ പൈപ്പുകൾ വാങ്ങിയിട്ടുണ്ട്. അങ്ങിനെയുള്ളതിനെ സംബന്ധിച്ചിടത്തോളം അക്കൗണ്ടന്റ് ജനറൽ നമ്മുടെ അക്കൗണ്ടിൽ അത് ഡെബിറ്റ് ചെയ്യുകയാണ്. അതുവേറെ സിസ്റ്റം. ഇവിടത്തെ ചോദ്യം കോട്ടയം, എറണാകുളം റെയിൽവെ സ്റ്റേഷനിൽ വന്നിരിക്കുന്ന പൈപ്പിനെ സംബന്ധിച്ചാണ്. അത് നമ്മൾ വാങ്ങിയിട്ടില്ല. നഷ്ടവുമില്ല.

ശ്രീ. കെ. ടി. കണാരൻ: ഏത് കാലത്താണ് ഈ പൈപ്പിന് ഓർഡർ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: അത് വളരെ മുമ്പാണ്. 1983-84 ൽ കൊടുത്തിട്ടുണ്ട്. 1984-85 ൽ കൊടുത്തിട്ടുണ്ട്. അങ്ങനെ വളരെ മുമ്പ് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ടി. കണാരൻ: ഈ ഓർഡർ ക്യാൻസലാക്കുന്നതിനുള്ള കാരണമെന്താണ്? പൈപ്പുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെമേൽ ഉണ്ടായ ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ അക്കാര്യത്തിൽ ഇതുവരെ കൈക്കൊണ്ടിട്ടുണ്ട്?

ശ്രീ. കെ. എം. മാണി: 1983-84 കാലഘട്ടത്തിൽ, വരൾച്ച കാലഘട്ടത്തിൽ drought relief വർക്കുകൾ പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു ഡെഡ്ലൈൻ ഫിക്സ് ചെയ്തിരുന്നു. ആ ഡെഡ് ലൈൻ തീരാറായ സമയത്ത് ഓർഡർ പ്ലെയിസ് ചെയ്തത് ഇറഗുലാരിറ്റിയാണ്. അങ്ങനെ ഓർഡർ പ്ലെയിസ് ചെയ്തതിനെ സംബന്ധിച്ചിടത്തോളം അതോറിറ്റി തന്നെ അത് ക്യാൻസൽ ചെയ്തു. അത് ക്യാൻസൽ ചെയ്തപ്പോഴേയ്ക്കും പിന്നീട് അത് വരേണ്ട കാര്യമില്ല. അതാണ് അതിന്റെ നിലപാടിനെ സംബന്ധിച്ചിടത്തോളം ഉള്ളത്. അല്ലാതെ വേറെ ഇതിനകത്തൊന്നുമില്ല. അതിന്റെ ഡെഡ് ലൈനിനോടടുത്ത് കൊടുത്തതുകൊണ്ടാണ് ഇങ്ങനെ വന്നത്. കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ സസ്പെൻഷനിലാണ്. ആ കേസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തെ മാത്രമല്ല ഇപ്രകാരം ഇറഗുലറായി പ്രവർത്തിച്ച മറ്റ് ചില ഉദ്യോഗസ്ഥൻമാരുടെമേലും നടപടിയെടുക്കേണ്ടതല്ലേ എന്നുള്ള കാര്യം അന്വേഷണത്തിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഓർഡറുകൾ നൽകിയതിന്റെ പേരിൽ പിന്നീടാണ് അതോറിറ്റി ക്യാൻസൽ ചെയ്തതെന്ന് പറഞ്ഞു. ഇങ്ങനെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഒരു സാമ്പത്തികപരിധിയും കണക്കിലെടുക്കാതെ ഈ റേറ്റ് കോൺട്രാക്ടനുസരിച്ചുള്ള പൈപ്പുകൾ വാങ്ങിക്കുന്നതിനുള്ള അധികാരം ഏതെങ്കിലുമവസരത്തിൽ നൽകിയിരുന്നോ? അങ്ങനെയാണെങ്കിൽ പിന്നീട് ഇങ്ങനെ ക്യാൻസൽ ചെയ്യുന്ന സമയത്ത് ക്യാൻസലേഷനെങ്കിലും ഈ ഡി.ജി.എസ്. ആൻഡ് ഡി. യെ അറിയിക്കുകയുണ്ടായിട്ടുണ്ടോയെന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ. എ. മാണി: നിലവിലുള്ള ചട്ടമനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കോ അതിനുമുകളിലുള്ള ആളിനോ ആവശ്യമുള്ള പൈപ്പുകളെ സംബന്ധിച്ചിടത്തോളം ഡി.ജി.എസ്. ആൻഡ് ഡി. യുമായി റേറ്റ് കോൺട്രാക്ട് ചെയ്യാവുന്നതാണ്. അതിനെല്ലാം അതോറിറ്റി വേണമെന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കോ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കോ ചെയ്യാം. പക്ഷേ ഒരു കാര്യമുണ്ട്. ആവശ്യത്തിനുള്ള പൈപ്പുകളെ മാത്രമേ അവർ ഓർഡർ ചെയ്യാവൂ. ആവശ്യമില്ലാതെ എക്സസ് ക്വാണ്ടിറ്റി ഓർഡർ ചെയ്യാൻ പാടില്ല.

ശ്രീ. ടി. കെ. ഹംസ: ഈ ഓർഡർ ക്യാൻസൽ ചെയ്തുവെന്ന് പറയുന്നത് ക്യാൻസൽ ചെയ്തുകൊണ്ടുള്ള ഓർഡർ. ബന്ധപ്പെട്ട കമ്പനിക്ക് കിട്ടിയതിന് ശേഷമാണോ ഈ സാധനങ്ങൾ അയച്ചത്? അതോ സാധനങ്ങൾ അയച്ചതിനുശേഷം, അമിതമായി പൈപ്പുകൾ വാങ്ങുന്നുവെന്ന ആരോപണം വന്നപ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ ഒരു ക്യാൻസലേഷൻ ഓർഡർ എഴുതി ഫയലിൽ വെച്ചതാണോ?

ശ്രീ. കെ. എ. മാണി: ഇതൊക്കെ ഒരു ഒപ്പീനിയൻ ആണ്. ആ ഒപ്പീനിയനു റിലവൻസി ഇല്ല.

ശ്രീ. പി. പി. തങ്കച്ചൻ: ഇന്നു പണി നടന്നുകൊണ്ടിരിക്കുന്ന നിരവധി ശുദ്ധജല വിതരണ പദ്ധതികൾ പൈപ്പുകളുടെ അഭാവം മൂലം നിറുത്തിവെച്ചിരിക്കുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അടിയന്തിരമായി പൈപ്പുകൾ വാങ്ങിക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. എ. മാണി: വളരെയല്ലെങ്കിലും, കുറെയൊക്കെ പൈപ്പുകളുടെ ആവശ്യകത ഉണ്ട്. അതിനുള്ള ഓർഡറുകൾ പ്രൊസസ് ചെയ്തിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ: പൊതു ഉടമസ്ഥതയിലുള്ള പ്രിമോ പൈപ്പ് ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന പൈപ്പുകൾ വാങ്ങാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്, പ്രത്യേകിച്ച് സഹകരണഫാക്ടറികളിൽ നിന്ന് പൈപ്പുകൾ വാങ്ങിയതിന്റെ ഫലമായി പ്രിമോ പൈപ്പ് ഫാക്ടറിയിൽ അനേകലക്ഷം രൂപയുടെ പൈപ്പ് കെട്ടിക്കിടക്കുകയാണ്. അതിന്റെ ഫലമായി സർക്കാരിനുതന്നെ അനേകലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന വസ്തുത മനസ്സിലാക്കി, കുറെക്കാലമായി പിൻതുടരുന്ന നയത്തിൽ നിന്ന് വ്യതിചലനം നടത്താൻ ഉത്തരവാദപ്പെട്ട ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: എല്ലാ അഭിപ്രായങ്ങളുംകൂടി ചേർത്തു കൊണ്ടുള്ള ചോദ്യമാണ ; ഗവൺമെൻറിന് അങ്ങനെ ഒരു അഭിപ്രായമില്ല. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിക്കാം.

ശ്രീ. എസ്. ആർ. തങ്കരാജ്: ഡിപ്പാർട്ടുമെൻറിൽ നിന്ന് കമ്പനിക്കാർക്ക് പൈപ്പ് വാങ്ങാൻ ഉത്തരവ് കൊടുത്തു. അതനുസരിച്ച് അവർ പൈപ്പ് അയച്ചു. അതിനുശേഷം അത് ക്യാൻസൽ ചെയ്തു. അങ്ങനെ അയച്ചതിൻറെയും തിരിച്ച് കൊണ്ടുപോകുന്നതിൻറെയും നഷ്ടം കമ്പനി വഹിക്കുമോ, സർക്കാർ വഹിക്കുമോ?

ശ്രീ. കെ. എം. മാണി: അതെ ക്കെ ഹൈപ്പോതെറിക്കലായിട്ടുള്ള ചോദ്യങ്ങളാണ . ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നിയമാനുസൃതമായിട്ടല്ല അത് വന്നിട്ടുള്ളത്. നിയമാനുസൃതമല്ലാത്ത ഡെസ്പാച്ചിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് ഉത്തരവാദിത്വമില്ല.

ശ്രീ. ബേബിജോൺ: ഞാൻ മനസ്സിലാക്കിയിടത്തോളം റോ കോൺട്രാക്ടറ് വ്യവസ്ഥയിൽ പേമെൻറ് ഗവൺമെൻറ് ഓഫ് ഇൻഡ്യയാണ് നടത്തുന്നത്. അത് തെറ്റാണെങ്കിൽ ഞാൻ തിരുത്താൻ തയ്യാറാണ്. ഈ ഓർഡർ പ്ലേസ് ചെയ്തിട്ട് ഡെസ്പാച്ച് ചെയ്തപ്പോഴേക്കും അവർക്ക് ഇതിൻറെ വിലയുടെ സിംഹഭാഗവും കിട്ടിയിട്ടുണ്ട്. അത് ഒടുവിൽ സ്റ്റേറ്റ് ഗവൺമെൻറിന് ഡെബിറ്റ് ചെയ്യുകയാണ് പതിവ്. അവരെ സംബന്ധിച്ചിടത്തോളം ഈ പണത്തിൻറെ 90–95 ശതമാനം കിട്ടിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇനി അതിൻറെ സ്ഥിതി എന്താണ് ?

ശ്രീ. കെ. എം. മാണി: ഞാൻ അത് പരിശോധിക്കാം, ഉണ്ടോ ഇല്ലയോ എന്ന് നോക്കാം. ഏതായാലും ഇത് എൻറെ ശ്രദ്ധയിലും ഗവൺമെൻറിൻറെ ശ്രദ്ധയിലും പെട്ടിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എൻറെ ചോദ്യം ഒപ്പീനിയനല്ല. ഗവൺമെൻറിൻറെ ക്യാൻസലേഷൻ ഓർഡർ സാധനങ്ങളും ഡെസ്പാച്ച് ചെയ്ത കമ്പനിക്ക് കിട്ടുന്നതിനു മുൻപ് അവർ സാധനങ്ങൾ അയച്ചിരുന്നുവോ എന്ന വിവരം ഫയൽ നോക്കിയിട്ട് പറയാമോ ?

ശ്രീ. കെ. എം. മാണി: പ്രതിയുടെ കേസ് നമ്മൾ വാദിക്കേണ്ട കാര്യമില്ല. അവർക്ക് ഗ്രാവൻസ് ഉണ്ടെങ്കിൽ അവർ കേസ് കൊടുക്കട്ടെ. നിയമപരമല്ലാതെ ഡെസ്പാച്ച് ചെയ്തതിന് ഗവൺമെൻറിന് ബാദ്ധ്യതയില്ലെന്നാണ് ഗവൺമെൻറിൻറെ ഒപ്പീനിയൻ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ചോദ്യം വളരെ വ്യക്തമാണ്. ഞാൻ ചോദിച്ചത് കോട്ടയത്ത് ഇറക്കിയിരിക്കുന്ന സാധനങ്ങൾ അവിടെ ഇറക്കുന്നതിന് മുമ്പ് ക്യാൻസലേഷൻ ഓർഡർ കമ്പനിക്ക് കിട്ടിയോ എന്നാണ്.

ശ്രീ. കെ. എം. മാണി: നമ്മുടെ രാജ്യത്തിൻറെ ഇൻറഗ്രിറ്റിയാണല്ലോ നമ്മൾ പരിരക്ഷിക്കേണ്ടത്. ഒരുപക്ഷേ ഈ കമ്പനിക്കാർ ഗവൺമെൻറിനെപ്പറ്റി തെറ്റായ വ്യാഖ്യാനം നൽകാവുന്ന ദുർവ്യാഖ്യാനങ്ങളിലേക്ക് നമ്മൾ പോകേണ്ട കാര്യമില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇത് ഗവൺമെൻറിന് ലയബിലിറ്റിയുള്ള ട്രാൻസാക്ഷനല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മാണി ജലസേചന വകുപ്പുമന്ത്രി ആയതിനുശേഷം പുതിയതായി ഒരൊറ്റ പൈപ്പും പോലും വാങ്ങിയിട്ടില്ല എന്നും പുതിയ ഒരൊറ്റ കണക്ഷനും കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല എന്നും ഈ വകുപ്പ് പൂർണ്ണമായും പരാജയമാണെന്നും മുൻ ജല സേചനവകുപ്പുമന്ത്രി എം. പി. ഗംഗാധരൻ പറഞ്ഞകാര്യം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെ ബഹുമാന്യനായ ഗംഗാധരൻ ഒരിക്കലും പറയുകയില്ല. ആ വെള്ളം അടുപ്പിൽ നിന്ന് വാങ്ങിവച്ചാൽ മതി.

ശ്രീ. എ. സി. ഷൺമുഖദാസ്: ഡി. ജി. എസ്. കോണ്ട്രാക്ടറുടെ പ്രകാരം ഒരു കമ്പനിയിൽ നിന്ന് സാധനങ്ങൾ സപ്ലൈചെയ്യുന്ന അവസരത്തിൽ ഡി.ജി.എസ്.കാർക്ക് ആവശ്യമായ വലിയ തുക കമ്പനിയിലേക്ക് കൈമാറാം ചെയ്യാമെന്നത് കണക്കിലെടുത്തുകൊണ്ട്, ആ കമ്പനിക്കാർക്ക് ലഭിച്ചുകഴിഞ്ഞ തുക തിരിച്ചുകിട്ടുന്നതിന് എന്തു നടപടിയാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. മാണി: ഇത് ഒരു പുതിയ കാര്യം ശ്രദ്ധയിൽ പെടുത്തുകയാണ്. എന്റെ ശ്രദ്ധയിൽ ഇത് പെട്ടിട്ടില്ല, അത് പരിശോധിക്കാം.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

* 497 [529] ശ്രീ. വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ:
,, കാനം രാജേന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എ. ജേക്കബ്):

(എ, ബി.) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിൽ താഴെപ്പറയുന്നപ്രകാരം നടപ്പിലാക്കിവരുന്നു.

1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ തൊഴിൽ പരിശീലന പരിപാടികളും 9, 10 ക്ലാസ്സുകളിൽ പ്രീ-വൊക്കേഷണൽ തൊഴിൽ പരിശീലന വിദ്യാഭ്യാസവും അതിനുശേഷം എസ്. എസ്. എൽ. സി. കഴിഞ്ഞ കുട്ടികൾക്ക് വൊക്കേഷണൽ ഹയർ സെക്കൻണ്ടറി എന്ന പേരിലുള്ള ദ്വിവൽസര കോഴ്സും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികൾക്ക് മെഴുകുതിരി, കുട, അഗർബത്തി, കയർ എന്നിങ്ങനെയുള്ള സാധനങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം, ഡ്രാസ്റ്റർ ഓഫ് പാരീസ്, ക്ലേ ഇവയുടെ മോഡലിംഗ് എന്നു തുടങ്ങി ദൈനംദിന ജീവിതത്തിൽ എന്തുകൊണ്ടും പ്രയോജനകരമായ ജോലികളിൽ പരിശീലനം നൽകിവരുന്നു.

9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച് പതിനൊന്നോളം വിഷയങ്ങളിൽ തൊഴിൽ പരിശീലനം നൽകാനുള്ള സംവിധാനവും സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വേയിംഗ്, ടൈപ്പ്നിക്കൽ ഡ്രോയിംഗ്, ഫുഡ് പ്രിസർവേഷൻ, ഗാർമെന്റ് മേക്കിംഗ്, ഇലക്ട്രിക് വയറിംഗ് എന്നിങ്ങനെയാണ് ഈ വിഷയങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly